**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 362** **11.06.2013-ൽ മറുപടിയ്ക്ക്**

# കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വൈദ്യുതീകരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ച് വൈദ്യുതിവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രദേശങ്ങൾ ഏതെല്ലാമാണ്; | (എ) ഉണ്ട്. പന്തലായനി, പാതിരിക്കാട്, കളരിക്കണ്ടി-മുക്ക് എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നിയോജോകമണ്ഡലത്തിൽ പുതുതായി എവിടെയെല്ലാം ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെന്നത് വ്യക്തമാക്കുമോ; | (ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽപ്പെട്ട മന്നംമുക്ക്, ഒറ്റക്കണ്ടം, നെല്ലിക്കോട്കുന്ന്, അഞ്ചുമുക്ക്, ഗുരുകുലം ബീച്ച്, കോട്ടക്കൽ അരുണോദയം, മുനമ്പത്ത്താഴ, ആവിക്കൽ തോട്ടുമുഖം, ഹിൽബസാർ ഹെൽത്ത് സെൻറർ, മാടാക്കര, ഊട്ടേരി, ഊരള്ളൂർ, മഠത്തിൽക്കുനി എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകിരൺ യോജനയുടെ വിവിധ സ്കീമുകൾ പ്രകാരം പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാം എന്നത് വ്യക്തമാക്കുമോ; | (സി) 2.851 കിലോമീറ്റർ എൽ. റ്റി. ലൈൻ വലിച്ച് 48 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) പ്രസ്തുത മണ്ഡലത്തിൽ തീരപ്രദേശങ്ങളിലെ വൈദ്യുതീകരണം നടന്നിട്ടില്ലാത്ത എത്ര വീടുകൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (ഡി) & (ഇ) വയറിംഗ് നടത്തി ടെസ്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്കാണ് വൈദ്യുതി ബോർഡ് കണക്ഷനുകൾ നൽകി വരുന്നത്. വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച വിവരം ലഭ്യമല്ല. |

(ഇ) പ്രസ്തുത മണ്ഡലത്തിൽ വിവിധ പട്ടികജാതി കോളനി കളിലായി വൈദ്യുതീകരണം നടന്നിട്ടില്ലാത്ത എത്ര വീടുക ളുണ്ട്; പഞ്ചായത്ത് തിരിച്ച് പട്ടി കജാതി കോളനി തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനു കളിലെ കൺസ്യൂമർ സ്ട്രെം ങ്ത്ത് എത്ര എന്നത് സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ ?

(എഫ്)

| സെക്ഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം. |
|---|---|
| കൊയിലാണ്ടി സൗത്ത് | 18147 |
| കൊയിലാണ്ടി നോർത്ത് | 12676 |
| തിക്കോടി | 9251 |
| മേലടി | 16634 |
| മൂടാടി | 7482 |
| അരിക്കുളം | 11191 |

സെക്ഷൻ ഓഫീസർ.